**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 735** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** 2026 മെയ് മാസത്തിന് ശേഷം വന്യജീവി ആക്രമണത്തിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നാലുപേർ മരണപ്പെട്ടിട്ടുണ്ട്.

**(ബി)** വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അപകടം സംഭവിച്ചവർക്കും സർക്കാർ മുഖേന എന്തൊക്കെ നഷ്ടപരിഹാരം നൽകിയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സ.ഉ.(സാധാ) നം.304/2025/DMD തീയതി 09/05/2025, സ.ഉ.(കൈ) നം.167/2026/RD തീയതി 15/03/2026, സ.ഉ.(സാധാ) നം 209/2026/DM D തീയതി 11/05/2026 എന്നിവ പ്രകാരമാണ് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെടുന്നവരുട യും,പരിക്കേറ്റവരുടേയും അവകാശികൾക്ക് നഷ്ടപരിഹാരം നൽകി വരുന്നത്. മരണപ്പെട്ടവരുടെ നിയമപരമായ അവകാശികൾക്ക് 14 ലക്ഷം രൂപയാണ് നഷ്ടപരിഹാരത്തിന് അർഹത. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റും, തേനീകടന്നൽ എന്നിവയുടെ കുത്തേറ്റും മരണപ്പെടുന്നവരുടെ അവകാശികൾക്കുള്ള നഷ്ടപരിഹാരം 4 ലക്ഷം രൂപയാണ്. വന്യജീവി ആക്രമണങ്ങൾക്കിരയാകുന്നവർ/അവകാശികൾ നിർദ്ദിഷ്ട രേഖകൾ സഹിതം അപേക്ഷിക്കുന്ന മുറയ്ക്ക് നഷ്ട പരിഹാരം അനുവദിക്കുന്നതാണ്.

**(സി)** വന്യജീവി ആക്രമണത്തിൽ നിന്ന് കൃഷിയേയും കർഷകരേയും സംരക്ഷിക്കുന്നതിന് വേണ്ടി പുതുതായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

**<u>മറുപടി:</u>** വനസംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ഒരു ദീർഘകാല നയരേഖയായ "Vision 2031" തയ്യാറാക്കിയിട്ടുള്ളതാണ്. മൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി വന്യമൃഗങ്ങളെ കാട്ടിനുള്ളിൽത്തന്നെ നിലനിർത്തുക, മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ തീവ്രത ലഘൂകരിക്കുക എന്നിവയ്ക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. എന്നാൽ,ഈ മുൻകരുതൽ നടപടികൾക്ക് ശേഷവും വനാതിർത്തി ലംഘിച്ചുണ്ടാകുന്ന മനുഷ്യ-

വന്യജീവി സംഘർഷങ്ങൾ മൂലം നാശനഷ്ടം സംഭവിക്കുന്ന പക്ഷം, അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായുള്ള

നടപടികളും സ്വീകരിക്കുന്നതാണ്. Containment & Mitigation ന്റെ ഭാഗമായി വനത്തിനുള്ളിൽ ഭക്ഷണ-ജല ലഭ്യത കൂട്ടുക, സൗരോർജ്ജവേലികൾ സ്ഥാപിക്കുക, AI,ഡ്രോൺ , എന്നി ആധുനിക സാങ്കതികവിദ്യകളിലൂടെ തത്സമയ മുന്നറിയിപ്പ് നൽകുക, ദ്രുത പ്രതികരണ സംഘങ്ങളുടെ പ്രവർത്തനം ഉർജ്ജിതപ്പെടുത്തുക, അതോടൊപ്പം പ്രാദേശിക ആദിവാസി കൂട്ടായ്മകളുടെ സഹവർത്തിത്വം ഉറപ്പാക്കുക തുടങ്ങിയ സമഗ്ര പരിപാടികൾ വിഭാവനം ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്നുണ്ടാകുന്ന മരണങ്ങൾ, പരിക്കുകൾ, കൃഷിനാശം എന്നിവയ്ക്ക് വേഗത്തിലുള്ളതും, നീതിപൂർണ്ണവുമായ നഷ്ടപരിഹാരവും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികളും Vision 2031-ൽ വിഭാവനം ചെയ്തിട്ടുണ്ട് .

**സെക്ഷൻ ഓഫീസർ**